എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ

36 (2988) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് വിവിധ വകുപ്പുകളിലെ എൽ.ഡി.സി.യുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളത് ;

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുവാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കേ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ വിവിധ വകുപ്പ് മേധാവികൾക്ക് ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ ;

(സി) വിവിധ ജില്ലകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും കമ്മ്യൂണിറ്റി റൊട്ടേഷൻ അനുസരിച്ച് എത്രാം റാങ്ക് വരെയുള്ളവർക്ക് നിയമനം നടത്തിയിട്ടുണ്ട് ; ഇതിന്റെ വിശദവിവരം നൽകുമോ ;

(ഡി) വിവിധ വകുപ്പുകളിൽനിന്ന് നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് വിവിധ ജില്ലകളിൽനിന്ന് മാൻപവർസെല്ലിന്റെ പ്രത്യേകാനുമതി ലഭിക്കുന്നതിനുവേണ്ടി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഇ) വിവിധ വകുപ്പുകളിൽ ഒഴിവുള്ള തസ്തികകൾ പുനർവിന്യാസം വഴി നിയമനം നടത്തിയാൽ മതിയെന്നും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതില്ല എന്നും വകുപ്പ് മേധാവികൾക്ക് ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(എഫ്) വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കുമാരുടെ എത്ര ഒഴിവുകളുണ്ട് ;

(ജി) ജില്ല തിരിച്ചും വകുപ്പ് തിരിച്ചുമുള്ള കണക്ക് നൽകുമോ ; ഇതിൽ എത്ര എണ്ണം പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഒഴിവുകൾ വരുന്ന മുറയ്ക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നുണ്ട്.

(സി-ജി) വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

37 (2989) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിലെ റാങ്ക് ലിസ്റ്റുകളിൽനിന്നും എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമാന തസ്തികകളിൽ ഇതര ജില്ലകളിൽ പി.എസ്.സി. നിയമനം നൽകുമ്പോൾത്തന്നെ കാസർഗോഡ് ജില്ലയിൽ നിയമനം നടത്താതെ റാങ്ക് ലിസ്റ്റുകൾ കാലഹരണപ്പെടുകയും ഉദ്യോഗാർത്ഥികൾക്ക് നിയമനത്തിനുള്ള പ്രായപരിധി കഴിയുകയും ചെയ്യുന്നതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാസർഗോഡ് ജില്ലയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ 2003 ആഗസ്റ്റ് മാസത്തോടെ കാലാവധി തീരുന്നവ ഏതൊക്കെയാണെന്ന് അറിയിക്കാമോ ;

(ഡി) ജില്ലയിലെ മറ്റു പി.എസ്.സി. ലിസ്റ്റുകൾ ഓരോന്നിന്റെയും കാലാവധി എപ്പോഴാണ് അവസാനിക്കുക എന്നറിയിക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റ്

38 (2990) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിനൊപ്പം പ്രാബല്യത്തിൽ വന്ന മറ്റു ജില്ലകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റുകളിൽനിന്നും അതാത് ജില്ലകളിൽ ഇതിനകം എത്രപേരെവീതം നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ റാങ്ക് ലിസ്റ്റ്

39 (2991) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ നികത്തണം എന്നാവശ്യപ്പെട്ട് ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ പരാതികൾ ആവശ്യമായ നടപടികൾക്ക് കാസർഗോഡ് ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly